8733/16

# പരിശോധനാ റിപ്പോർട്ട്

## പട്ടികജാതിവികസന ഓഫീസ്
## ഗ്രേഡ് 1 ആലത്തൂർ ബ്ലോക്ക് (പാലക്കാട് ജില്ല)

| | | |
|---|---|---|
| പരിശോധനാകാലയളവ് | - | **01.09.2012** മുതൽ **31.03.2015** വരെ |
| പരിശോധനാ തീയതി | - | **19.01.2016** മുതൽ **21.01.2016** വരെ |
| പരിശോധനാ വിഭാഗം | - | ഫിൻ ഡി ആഡിറ്റ് വിഭാഗം |
| സൂപ്രണ്ട് | - | എൻ. സുരേന്ദ്രൻ നായർ |
| ക്ലാർക്ക് | - | സന്തോഷ് ശിവാനന്ദൻ |

### പരിശോധനാ കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1. | K. Chandrakumar | SC DO, Grade I | 01.08.2012 to 09.08.2012 |
| 2. | D. Sajinimol | SC DO Grade I | 10.08.2012 to 05.01.2013 |
| 3. | Sarojini C.K | SC DO Grade I | 06.01.2013 to 31.01.2013 |
| 4. | K. Chandrakumar | SC DO Grade I | 01.02.2013 to 16.02.2013 |
| 5. | Khadeeja Beevi | SC DO Grade I | 17.02.2013 to 06.07.2013 |
| 6. | K. Chandrakumar | SC DO Grade I | 07.07.2013 to 31.07.2013 |
| 7. | Rajagopal K | SC DO Grade I | 01.08.2013 to 07.11.2013 |
| 8. | V.S Sudhakaran | SC DO Grade I | 08.11.2013 to 31.12.2013 |
| 9. | Manoharan. K | SC DO Grade I | 01.01.2014 to 12.05.2015 |
| 10. | Sajeevan K | SC DO Grade I | 13.05.2015 to continue |

## ആമുഖം

മുൻ ആഡിറ്റ് സംബന്ധിച്ച്

### A. വകുപ്പുതല പരിശോധന സംബന്ധിച്ച്

സ്ഥാപനത്തിലെ 01.04.2011 മുതൽ 31.08.2012 വരെയുള്ള കണക്കുകൾ പരിശോധിച്ച് നൽകിയ റിപ്പോർട്ടിന് (Fin B2 411/13 dtd. 28.01.2013) അന്തിമ മറുപടി നൽകി ഫയൽ തീർപ്പാക്കിയതായി കാണുന്നില്ല. 01.09.1994 മുതൽ 31.03.1996 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ടിന് (Fin B2 8409/08 dtd. 01.12.2014) അന്തിമ മറുപടി നൽകി ഫയൽ തീർപ്പാക്കത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. പ്രസ്തുത കാലയളവിലെ താലൂക്ക് പട്ടികജാതി വികസന ആഫീസറുടെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും 2275/- രൂപ ബാധ്യതയാക്കി ഈടാക്കുവാനുള്ള നിർദ്ദേശം പാലിക്കാത്തതിന്റെ വ്യക്തമായ കാരണം റിപ്പോർട്ടു ചെയ്യേണ്ടതാണ്. 01.04.2008 മുതൽ 31.03.2011 വരെയുള്ള കാലയളവിലെ Fin B2-2329/12 dtd. 28.01.2013 നമ്പർ റിപ്പോർട്ടിലെ ഖണ്ഡികകൾക്ക് അന്തിമ മറുപടി നൽകി ഫയൽ തീർപ്പാക്കത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

ഇപ്രകാരം ധാരാളം വകുപ്പുതല പരിശോധനാ റിപ്പോർട്ടുകൾക്ക് അന്തിമ മറുപടി നൽകി ഫയൽ തീർപ്പാക്കാനുള്ളത് സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണ നടപടികൾക്ക് കാലതാമസമുണ്ടാക്കുമെന്നതിനാൽ അടിയന്തിര മായി മേൽ പരിശോധനാ റിപ്പോർട്ടുകൾക്ക് അന്തിമ മറുപടി നൽകി ഫയൽ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം 7 ദിവസത്തിനകം അറിയി ക്കേണ്ടതാണ്.

### B. എ.ജിയുടെ പരിശോധന സംബന്ധിച്ച്

നാളിതുവരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടുകളിന്മേൽ താഴെ പറയുന്ന ഖണ്ഡികകൾ ഇനിയും തീർപ്പാക്കാനുള്ളതായി കാണുന്നു.

1. OA HQ 11/IV/12 - 13/12 - 13 - part II B - II, III, IV
2. OA HQ IV/11/12 - 56/13 - 14 - part II B - II, III
3. OA (HQ) IV/11/12 – 90/14 – 15 - part II B – I, II, III, IV

സ്ഥാപനത്തിലെ 01.08.2014 മുതൽ 31.07.2015 വരെയുള്ള കാലയളവിലെ കണക്കുകൾ OA HQ/1/IV/12/78/15 – 16/273 dtd. 13.08.15 പ്രകാരം പരിശോധിച്ച്

റിപ്പോർട്ടു നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന് പ്രാഥമിക മറുപടി പോലും നൽകിയതായി കാണുന്നില്ല.

സ്ഥാപനത്തിലെ 01.09.2012 മുതൽ 31.03.2015 വരെയുള്ള കാലയളവിലെ കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

I.

1. <u>ബിൽബുക്ക്/ക്യാഷ്ബുക്ക്</u>

   a. താഴെ പറയുന്ന തുകകൾ ദീർഘനാൾ വിതരണം ചെയ്യാതെ സൂക്ഷിച്ചതിന് ബന്ധപ്പെട്ട ഓഫീസർമാരിൽ നിന്നും വിശദീകരണം നൽകേണ്ടതാണ്.

1. CB No. 91/11 – 12 പ്രകാരം പാരലൽ കോളേജ് ഗ്രാന്റിനത്തിൽ 11921/- രൂപ 16.03.2013 വരെ വിതരണം നടത്തിയിട്ടില്ല.
2. CB No. 98/11 – 12 പ്രകാരം 2500/- രൂപ വൾണറബിൾ ഗ്രാന്റിനത്തിൽ 16.03.2013 വരെ സൂക്ഷിച്ചിരുന്നു.
3. CB No. 16/12 – 13 പ്രകാരം 1,60,000/- രൂപ 12.07.2013 വിവാഹധന സഹായ ഇനത്തിൽ തുക മാറി വിതരണം ചെയ്തതിൽ 40000/- രൂപ 02.04.2013 വരെ സൂക്ഷിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ടി തുകയിൽ 20,000/- രൂപ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ബാക്കി 20000/- രൂപയുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.
4. CB No. 31/12 – 13 പ്രകാരം 14.08.2012-ൽ മിശ്രവിവാഹ ധനസഹായ ഇനത്തിൽ 50000/- രൂപ 15.03.2013-ൽ വിതരണം നടത്തിയിരിക്കുന്നു.

   b. 18.01.2016-ൽ 6600/- രൂപ ക്യാഷായും 175979/-രൂപ D.D ആയും നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

2. <u>ചെലാൻ ഫയൽ</u>

ചെലാൻ ഫയൽ പരിപാലിക്കുന്നില്ല. ചെലാനുകൾ റ്റാഗ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നു. നിശ്ചിത മാതൃകയിലുള്ള ചെല്ലാൻ ഫയൽ സൂക്ഷിക്കേണ്ടതാണ്.

3. അകിറ്റൻസ് (എസ്റ്റാ സ്റ്റാഫ്)

മറ്റ് പരാമർശമില്ല

4. അകിറ്റൻസ് (പ്രൊമോട്ടേഴ്സ്)

മറ്റ് പരാമർശമില്ല

5. അകിറ്റൻസ് (P.T.S) Daily Wages, അപ്രന്റീസ് ക്ളാർക്ക്, കാഷ്വൽ സ്വീപ്പർ

മറ്റ് പരാമർശമില്ല

6. സർവ്വീസ് ബുക്ക് രജിസ്റ്റർ

ആഫീസിലെ സർവ്വീസ് ബുക്കുകളുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

7. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

പരിശോധനാ ദിവസം 19.01.2016 -ന് 175/- രൂപയുടെ സർവ്വീസ് സ്റ്റാമ്പ് സ്റ്റോക്കുള്ളതായി ബോധ്യമായി. രജിസ്റ്റർ നല്ലരീതിയിൽ പരിപാലിക്കുന്നു. മറ്റ് പരാമർശമില്ല.

8. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

പ്രസ്തുത രജിസ്റ്റർ പരിപാലിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

9. കണ്ടിജന്റ് ബിൽ രജിസ്റ്റർ

മറ്റ് പരാമർശമില്ല

10. പേ-ബിൽ രജിസ്റ്റർ

മറ്റ് പരാമർശമില്ല

11. ഫർണിച്ചർ രജിസ്റ്റർ

01.01.2014-ന് ശേഷം വാർഷിക ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയോ ഉദ്യോഗസ്ഥരുടെ ചാർജ് കൈമാറ്റം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കാരണം അറിയിക്കേണ്ടതാണ്.

ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 12. TR-5 രസീത്

09.05.2013-ലെ G.O (P) No. 213/2013 Fin അനുസരിച്ച് Centrally Machine Numbered TR – 5 രസീത് ബുക്ക് വാങ്ങി ഉപയോഗിക്കേണ്ടതാണ്. നിലവിലുള്ള പഴയ രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്.

## 13. TR – 5 രസീത് - സ്റ്റോക്ക് രജിസ്റ്റർ

സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 14. വാല്യുബിൾ രജിസ്റ്റർ

ജില്ലാ പട്ടികജാതി വികസന ആഫീസിൽ നിന്ന് ചികിത്സാ ധനസഹായമായി ലഭിക്കുന്ന ചെക്കുകൾ വാല്യുബിൾ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.

| | |
|---|---|
| ഉദാ:- 16.09.2014- ൽ | 5,40,000/-രൂപ |
| 28.10.2014- ൽ | 3,86,000/- രൂപ |

ന്യൂനത പരിഹരിക്കേണ്ടതും രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

## 15. ഫാമിലി ബെനിഫിറ്റ് സ്കീം

പരിപാലിക്കുന്നില്ല.

## 16. ഇൻകുംബൻസ് രജിസ്റ്റർ

പരിപാലിക്കുന്നില്ല. കാരണം അറിയിക്കേണ്ടതാണ്.

# II. പദ്ധതി വിതരണ രജിസ്റ്ററുകൾ

## 1. മിശ്രവിവാഹ ധനസഹായ വിതരണ രജിസ്റ്റർ

ആനുകൂല്യ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ മിക്കവയും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 2. വിവാഹധനസഹായ വിതരണ രജിസ്റ്റർ

വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. DD കൈപ്പറ്റിയ അക്വിറ്റൻസായി പ്രസ്തുത രജിസ്റ്റർ പരിപാലിച്ചതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 3. ചികിത്സാ ധനസഹായ വിതരണ രജിസ്റ്റർ

20.12.2014-ൽ ചികിത്സാ ധനസഹായ വിതരണ ഇനത്തിൽ 1188000/-രൂപ വരവ് കാണിച്ചിരിക്കുന്നു. പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്ററിലെ 22 മുതൽ 27 വരെ പേജുകളിലായി 47 പേർക്ക് മുഴുവൻ തുക വിതരണം നടത്തിയതായും 26.02.2015-ൽ 65000/- രൂപ നീക്കിയിരിപ്പ് കാണിക്കുകയും ചെയ്തിട്ടുണ്ട്.

## 4. പാരലൽ കോളേജ് ആനുകൂല്യ വിതരണം

പ്രതിദിന വിതരണ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആനുകൂല്യയിനത്തിലുള്ള ഡി.ഡി കൾ വളരെക്കാലമായി വിതരണം നടത്താതെ സൂക്ഷിച്ചിരിക്കുന്നു.

CB No. 110/14 – 15 പ്രകാരം പട്ടികജാതി ആനുകൂല്യ ഇനത്തിൽ 25.03.2015-ൽ തുക മാറിയ 3780397/- രൂപയിൽ താഴെ പറയുന്ന ഡി.ഡികൾ 04.12.2015-ൽ Revalidate ചെയ്തിട്ടും നാളിതുവരെ വിതരണം ചെയ്യാത്തതിന്റെ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

| ക്രമ. നം | അക്വിറ്റൻസ് പേജ് | തുക |
|---|---|---|
| 79 | 106 | 6280 |
| 82 | 107 | 6280 |
| 84 | 108 | 6280 |
| 96 | 109 | 6522 |
| 101 | 109 | 6280 |
| 103 | 109 | 6522 |
| 107 | 109 | 6345 |
| 110 | 108 | 6280 |
| 112 | 127 | 6764 |
| 112 | 133 | 6828 |
| 117 | 167 | 7098 |
| 118 | 174 | 6995 |
| 119 | 176 | 6544 |
| 122 | 204 | 5778 |
| | 206 | 6522 |
| | 208 | 6409 |

5. ഡി.ഡി വിതരണ രജിസ്റ്റർ

ഡി.ഡികൾ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

Eg: (1) CB 114/14 – 15 പ്രകാരം 16666/- രൂപ 30.03.2015-ൽ തേർച്ച ചെയ്തിട്ട് 29.04.2015 വരെ വിതരണം നടത്താതെ സൂക്ഷിച്ചിരിക്കുന്നു.

CB No. 58/14 -15 പ്രകാരം /സ്വയംതൊഴിൽ ധനസഹായ സബ്സിഡിയിനത്തിൽ 19000/- രൂപ 27.11.2014-ൽ തുകമാറി 08.01.2015 വരെ സൂക്ഷിച്ചിരിക്കുന്നു. വിവിധ പദ്ധതികളുടെ ആനുകൂല്യ വിതരണത്തിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകളിൽത്തന്നെ ഡി.ഡികളുടെ സ്റ്റാമ്പ് പതിച്ച അക്വിറ്റൻസും രേഖപ്പെടുത്തി വരുന്നു.

6. ആധാര രജിസ്റ്റർ

രജിസ്റ്റർ പരിപാലിക്കുന്നു. നാളിതുവരെ വിതരണം ചെയ്യാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ആധാരങ്ങളുടെ മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. തിരികെ ഗുണഭോക്താക്കൾക്ക് നൽകേണ്ട ആധാരങ്ങളുടെ പകർപ്പ് സൂക്ഷിച്ചിട്ട് അസ്സൽ തിരികെ നൽകേണ്ടതാണ്.

7. സ്പെഷൽ ഇൻസെന്റീവ് രജിസ്റ്റർ

മറ്റ് പരാമർശമില്ല.

8. ടോയ്‌ലറ്റ് ഗ്രാന്റ്

30.08.2013-ൽ CB No. 26/13 – 14 പ്രകാരം 1520750/- രൂപ തുക മാറിയതിൽ 12500/- രൂപയുടെ DD 28.12.2014-ലും വിതരണം നടത്താതെ സൂക്ഷിച്ചതിന്റെ കാരണം അറിയിക്കേണ്ടതാണ്.

9. പരിശോധനാ വേളയിൽ ലഭ്യമാകാത്ത താഴെ പറയുന്ന പണം പറ്റ് രസീതുകൾ കണ്ടെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | 01.04.2013 | 500 | Stamp and stationery |
| 2. | 05.04.2013 | 5000 | Cobbler grant |
| 3 | 12.06.2013 | 1000 | Stamp and stationery |
| 4 | 10.10.2013 | 431 | Electricity charge |
| 5 | 31.10.2013 | 1743 | Arrear DA to warden |

മെസ് റിക്കവറി

ശ്രീ. ബി. ശിവപ്രസാദ്, ശ്രീ. സതീഷ്കുമാർ കെ.എ, ശ്രീ.ശ്രീജിത്ത്.ആർ എന്നീ വാച്ച്മാൻമാരിൽ നിന്നും താഴെപറയും പ്രകാരം മെസ് റിക്കവറിയിനത്തിൽ തുകകൾ കൈപ്പറ്റിയതു സംബന്ധിച്ച് ഉത്തരവുണ്ടെങ്കിൽ പകർപ്പ് അയച്ചു തരേണ്ടതാണ്.

സതീഷ്കുമാർ കെ. എ

| | | |
|---|---|---|
| നവംബർ | - 2013 | - 600 |
| ഡിസംബർ | - 2013 | - 852 |
| ജനുവരി | - 2014 | - 1200 |
| ഫെബ്രുവരി | - 2014 | - 1200 |
| മാർച്ച് | - 2014 | - 920 |
| ഒക്ടോബർ | - 2014 | - 1200 |
| നവംബർ | - 2014 | - 1200 |

ശ്രീജിത്ത് ആർ

| | | |
|---|---|---|
| ഒക്ടോബർ | - 2014 | - 1200 |
| നവംബർ | - 2014 | - 1200 |

ബി. ശിവപ്രസാദ്

| | | |
|---|---|---|
| മാർച്ച് | - 2014 | - 920 |

വിവിധ പദ്ധതികൾ സംബന്ധിച്ച്

## 1. ടോയ്ലറ്റ് ധനസഹായ പദ്ധതി

വിതരണ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | ഒന്നാംഗഡു | രണ്ടാംഗഡു | തുക |
|---|---|---|---|---|
| 2012-13 | 302 | 302 | 300 | 7525000/- |
| 2013-14 | 315 | 315 | 315 | 7875000/- |
| 2014-15 | 190 | 190 | 190 | 4750000/- |

2012-13-ൽ പണി പൂർത്തിയാക്കുവാനുള്ള 2 പേരുടെ പണി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും പണി പൂർത്തിയാക്കിയ മുഴുവൻ പേരുടെയും വിനിയോഗ രേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കേണ്ടതുമാണ്.

## 2. ചികിത്സാ ധനസഹായ വിതരണം

ചികിത്സാ ധനഹായ വിതരണം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | തുക |
|---|---|---|
| 2012-13 | 38 | 410000/- |
| 2013-14 | 83 | 1475500/- |
| 2014-15 | 119 | 993500/- |

2015-16 മുതൽ Special TSB അക്കൗണ്ടിലൂടെ ആനുകൂല്യ വിതരണം നടത്തി വരുന്നു.

## 3. സ്പെഷൽ ഇൻസെന്റീവ് വിതരണം

ആഡിറ്റ് കാലയളവിലെ ആനുകൂല്യ വിതരണം സംബന്ധിച്ച വിവരങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 2012-13 | 28 | 31500/- |
| 2013-14 | 35 | 46500/- |
| 2014-15 | 61 | 149500/- |

## 4. മിശ്രവിവാഹധനസഹായം

ആനുകൂല്യം ലഭിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 2012-13 | 16 | 800000/- |
| 2013-14 | 20 | 1000000/- |
| 2014-15 | 16 | 800000/- |

## 5. വിവാഹ ധനസഹായം

പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യം നൽകിയതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 2012-13 | 35 | 850000/- |
| 2013-14 | 148 | 7040000/- |
| 2014-15 | 95 | 4860000/- |

## 6. ഭവന നിർമ്മാണ ധനസഹായം

2007-08 മുതൽ 2015-16 വരെയുള്ള കാലയളവിലെ ഭവന നിർമ്മാണ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | ഒന്നാംഗഡു | രണ്ടാംഗഡു | മൂന്നാംഗഡു | പണി പൂർത്തിയാക്കിയവർ |
|---|---|---|---|---|---|
| 2007-08 | 207 | 6 | 6 | 12 | 183 |
| 2008-09 | 267 | 8 | 10 | 13 | 236 |
| 2009-10 | 225 | 4 | 11 | 19 | 191 |
| 2010-11 | 90 | 4 | 14 | 10 | 62 |
| 2011-12 | 54 | 1 | 1 | 2 | 50 |
| 2012-13 | 38 | 1 | 4 | 8 | 25 |
| 2013-14 | 87 | 0 | 28 | 10 | 49 |
| 2014-15 | 53 | 10 | 4 | 8 | 31 |
| 2015-16 | 68 | 26 | 34 | 7 | 1 |

ഇനിയും വീട് പണി പൂർത്തിയാക്കാനുള്ളവർ എത്രയും വേഗം പണികൾ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 7. ഭൂരഹിത ഭവന രഹിത പുനരധിവാസം

ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | തുക |
|---|---|---|
| 2012-13 | 123 | 1845000/- |
| 2013-14 | 82 | 12300000/- |
| 2014-15 | 38 | 14250000/- |

2012-13 വർഷം ധനസഹായം ലഭിച്ചവരിൽ നിന്നും എഴുതി വാങ്ങിയ കരാർ പത്രങ്ങൾ ഒന്നുംതന്നെ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തുവിന്റെ ബാധ്യതാ സർട്ടിഫിക്കറ്റ് നിയമാനുസൃതം വാങ്ങി സൂക്ഷിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. ദീർഘകാലമായി സൂക്ഷിച്ചിരിക്കുന്ന അസ്സൽ പ്രമാണങ്ങൾ ഗുണഭോക്താക്കൾക്ക് മടക്കി നൽകി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 8. പ്രീ-പ്രൈമറി എയ്ഡ്

പ്രീ-പ്രൈമറി എയ്ഡ് ഇനത്തിൽ 2014-15-ൽ 1529പേർക്ക് 3058000/- രൂപ അനുവദിച്ചിട്ടുണ്ട്.

## 9. EBT ധനസഹായ വിതരണം

2012-13-ൽ 1255 ഉം 2013-14-ൽ 1203 ഉം 2014-15-ൽ 1092 ഉം പേർക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസ് മുഖേന ആനുകൂല്യ വിതരണം നടത്തിയിട്ടുണ്ട്.

## 10. വിജ്ഞാൻവാടി

സ.ഉ. (കൈ) നം. 07/12 dtd. 11.01.12, സ.ഉ. (കൈ) നം. 25/2012/SCSTDD dtd. 08.02.12 എന്നീ ഉത്തരവുകൾ പ്രകാരം ഉറകുന്നംകാട് പട്ടികജാതി കോളനിയിലെ പഞ്ചായത്ത് വക വാടക കെട്ടിടത്തിൽ വിജ്ഞാൻവാടി പ്രവർത്തനം ആരംഭിച്ചു.

പറക്കുന്ന് പട്ടികജാതി കോളനിയിലെ പഞ്ചായത്ത് വക കെട്ടിടത്തിൽ രണ്ടാമത്തെ വിജ്ഞാൻ വാടി പ്രവർത്തിക്കുന്നു.

അവശേഷിച്ച പട്ടികജാതി കോളനിയിൽ സ്ഥലം ലഭ്യമല്ലാത്ത പക്ഷം എം.പി/എം.എൽ.എ എന്നിവരുടെ വികസന ഫണ്ടിൽ നിന്നും സ്ഥലം വാങ്ങാൻ

ആവശ്യമായ ഫണ്ട് ലഭിക്കുവാൻ പട്ടികജാതി വികസന ആഫീസർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 11. സ്വയം പര്യാപ്ത ഗ്രാമം

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ മംഗലം കിഴക്കേത്തറ കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമ പദ്ധതി പ്രകാരമുള്ള പണികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പൂർത്തീകരിക്കുകയും ഉത്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിലെ എരുമിയൂർ ഗ്രാമപഞ്ചായത്തിലെ ഗുണ്ടുകാട് പട്ടികജാതി കോളനിയിൽ FIT ഒന്നാംഘട്ട പണികൾ പൂർത്തിയാക്കി രണ്ടാംഗഡു തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും പണികൾ പൂർത്തിയാക്കിയിട്ടില്ല.

കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇടത്തിൽ കോളനിയിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം 500000/- രൂപ കൈപ്പറ്റുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പണികൾ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 12. വീട് അറ്റകുറ്റപ്പണി

2013-14, 2014-15 വർഷങ്ങളിൽ ധനസഹായം നൽകിയതു സംബന്ധിച്ച വിവരങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | ഒന്നാംഗഡു | രണ്ടാംഗഡു | തുക |
|---|---|---|---|---|
| 2013-14 | 64 | 64 | 54 | 2950000/- |
| 2014-15 | 102 | 101 | 92 | 4825000/- |

## 13. ശ്രീ അയ്യൻകാളി ടാലന്റ് സെർച്ച് പദ്ധതി

പ്രസ്തുത പദ്ധതിയിൻ കീഴിൽ സ്കോളർഷിപ്പ് നൽകിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | മുൻ വർഷം തുടരുന്നവർ | പുതിയ അപേക്ഷകർ | ആകെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|---|
| 2012-13 | 35 | 35 | 70 | 357000/- |
| 2013-14 | 49 | 21 | 70 | 315000/- |
| 2014-15 | 26 | 18 | 44 | 210000/- |

## 14. ലംപ്സം ഗ്രാന്റ് വിവരങ്ങൾ

ആഡിറ്റ് കാലയളവിലെ ലംപ്സംഗ്രാന്റ് വിതരണം സ്ബന്ധിച്ച വിവരങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | സ്കൂളുകളുടെ എണ്ണം | പ്രയോജനം ലഭിച്ച കുട്ടികൾ | | നല്കിയ തുക | |
|---|---|---|---|---|---|
| | | SC | OEC | SC | OEC |
| 2012-13 | 83 | 5706 | 343 | 2921425 | 191750 |
| 2013-14 | 80 | 5328 | 367 | 2731895 | 185500 |
| 2014-15 | 82 | 5046 | 346 | 2588025 | 172175 |

## 15. പാരലൽ കോളേജ്

വിദ്യാഭ്യാസാനുകൂല്യ വിതരണം നൽകിയതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | | വിതരണം നൽകിയ തുക | |
|---|---|---|---|---|
| | SC | OEC | SC | OEC |
| 2012-13 | 308 | 1 | 2090197 | 6764 |
| 2013-14 | 428 | 37 | 2866262 | 251057 |
| 2014-15 | 582 | 264 | 3866041 | 1783798 |

## 16. പ്രീ-മെട്രിക് ഹോസ്റ്റൽ

### 1. പ്രീ-മെട്രിക് ഹോസ്റ്റൽ (ഗേൾസ്) ആലത്തൂർ

ആലത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. പാർട്ട്ടൈം ജീവനക്കാരിൽ നിന്നും നൈറ്റ് വാച്ച്മാൻമാരിൽ നിന്നും മെസ് റിക്കവറി നടത്തുന്നത് ഒഴിവാക്കേണ്ടതാണ്. ഹോസ്റ്റലിലെ സ്റ്റാഫിന്റെ മെസ്ചാർജ് ഈടാക്കുമ്പോൾ 30% വീതമാണ് ഓരോ കുക്കുമാരിൽ നിന്നും റിക്കവറി നടത്തുന്നത്. ബാക്കി 40% സർക്കാർ വിഹിതമാണ്. (സർക്കാർ ഉത്തരവ് നം. കൈ നം. 41/92/SCSTDD dtd. 04.09.1992)

എന്നാൽ ഹോസ്റ്റലിലെ അർഹമായ ആഹാരച്ചെലവ് കണക്കാക്കുമ്പോൾ ഒരാളിന്റെ മെസ് ചാർജായ 2000/- രൂപയും ക്ലെയിം ചെയ്യുന്നു. ഈയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടത്തിന് മതിയായ കാരണം അറിയിക്കേണ്ടതാണ്.

എസ്.എസ്.എൽ.സി പരീക്ഷ എഴുതി വിജയിച്ചവരുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അദ്ധ്യയന വർഷം | ആകെ കുട്ടിക ളുടെ എണ്ണം | എസ്.എസ്. എൽ.സി പരീക്ഷ എഴുതിയവർ | എസ്.എസ്. എൽ.സി പാസായവർ | അഭിപ്രായം |
|---|---|---|---|---|
| 2012-13 | 40 | 7 | 7 | 100% വിജയം |
| 2013-14 | 40 | 10 | 10 | 100% വിജയം |
| 2014-15 | 40 | 5 | 5 | 100% വിജയം |

2. പ്രീമെട്രിക് ഹോസ്റ്റൽ വടക്കഞ്ചേരി (ബോയ്സ്)

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീ-മെട്രിക് ഹോസ്റ്റലിന് സ്വന്തമായി കെട്ടിടമുണ്ട്. എസ്.എസ്.എൽ.സി വിജയശതമാനം ചുവടെ ചേർക്കുന്നു.

| അദ്ധ്യയന വർഷം | ആകെ കുട്ടിക ളുടെ എണ്ണം | എസ്.എസ്. എൽ.സി പരീക്ഷ എഴുതിയവർ | എസ്.എസ്. എൽ.സി പാസായവർ | അഭിപ്രായം |
|---|---|---|---|---|
| 2012-13 | 30 | 6 | 6 | - |
| 2013-14 | 30 | 5 | 4 | - |
| 2014-15 | 30 | 6 | 6 | 6 A+ - 1<br>5 A+ - 1 |

3. നഴ്സറി സ്കൂൾ കുട്ടാല

നഴ്സറി കുട്ടാല എരുമിയൂർ പഞ്ചായത്തിൽ സ്വന്തമായിട്ടുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ശരാശരി 25 കുട്ടികൾ വീതം ഓരോ വർഷവും പ്രവേശനം നേടി വരുന്നു.

## 17. സ്വയം തൊഴിൽ ധനസഹായ പദ്ധതി

2012-13-ൽ 5 പേർക്ക് സ്വയം തൊഴിൽ സബ്സിഡിയായി 179834/- രൂപ അനുവദിച്ചു വിതരണം നടത്തിയിട്ടുണ്ട്. താഴെ പറയും പ്രകാരം ആനുകൂല്യം നൽകിയിരിക്കുന്നു.

1. ബാർബർ ഷോപ്പ് - 1
2. ആട്ടോറിക്ഷ - 2
3. പശുവളർത്തൽ - 1
4. ഫർണിച്ചർ ഷോപ്പ് - 1

മേൽ 5 പേരുടെയും വിനിയോഗ രേഖകൾ A.G യ്ക്കു അയച്ചുകൊടുത്ത് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

2013-14 വർഷം രണ്ട് പേർക്ക് ആട്ടോറിക്ഷ വാങ്ങുന്നതിനും ഒരാൾക്ക് ബാർബർ ഷോപ്പ് നടത്തുന്നതിനും 1,61,650/- രൂപ സബ്സിഡിയായി അനുവദിച്ചു നൽകിയിട്ടുണ്ട്.

2014-15 വർഷം മധുര പലഹാര യൂണിറ്റ് പൗൾട്രിഫാം എന്നിവ നടത്തുന്നതിന് രണ്ട് പേർക്കായി 35666/- രൂപ സബ്സിഡിയായി നൽകി. വിനിയോഗ രേഖകൾ അയച്ചു കൊടുക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. അതോടൊപ്പം ന്യൂനത പരിഹരിക്കേണ്ടതുമാണ്.

## 18. വിഷൻ 2012

പ്രസ്തുത പദ്ധതി ജില്ലാ പട്ടികജാതി വികസന ആഫീസ് മുഖേന നടപ്പിലാക്കി വരുന്നു.

## 19. കോർപ്പസ് ഫണ്ട്

കുടിവെള്ളം, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടിയുള്ള ഫണ്ട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ വിനിയോഗിക്കാത്തതു സംബന്ധിച്ച വിശദീകരണം അറിയിക്കേണ്ടതാണ്.

## 20. എസ്.സി പ്രൊമോട്ടർമാരുടെ വർക്ക് ഡയറി

ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഹാജർ പട്ടിക വാങ്ങി പരിശോധിക്കാതെ പ്രൊമോട്ടർമാർക്ക് ഹോണറേറിയം തുക മാറി നൽകിയതായി കാണുന്നു. ഗ്രാമ പഞ്ചായത്തുകളിൽ പ്രൊമോട്ടർമാർ കൃത്യമായി ഹാജരാകുന്നുണ്ടെന്ന് രേഖാമൂലം പരിശോധിക്കാത്തതിനും സർട്ടിഫിക്കറ്റുകൾ വാങ്ങി സൂക്ഷിക്കാത്തതിനും വിശദീക രണം നൽകേണ്ടതാണ്.

## 21. വിദേശ തൊഴിൽ ധനസഹായം

2013-14- ൽ സ.ഉ.(സാധാ) 1525/2013/SCSTDD dtd. 21.02.2014 പ്രകാരം 2 പേർക്ക് ഒന്നാം ഗഡുവായ 30000/- രൂപ വീതം ആകെ 60000/- രൂപ 26.03.2015-ന് അനുവദിച്ചു നൽകി. എന്നാൽ 21.02.2014-ലെ സ.ഉ. (സാധാ) നമ്പർ 345/2014/SCSTDD പ്രകാരം ഗുണഭോക്താവ് ജോലിയിൽ പ്രവേശിച്ചു എന്നത് സംബന്ധിച്ച രേഖ തൊഴിൽ ദാതാവ് ലഭ്യമാക്കുന്ന മുറയ്ക്ക് ധനസഹായത്തിന്റെ രണ്ടാം ഗഡു ഇതേ വരെയും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തായി കാണുന്നില്ല. ഗുണഭോക്താക്കളുടെ മേൽവിലാസത്തിൽ ബന്ധപ്പെട്ട് മേൽ രേഖകൾ ലഭ്യമാക്കി രണ്ടാംഗഡു നൽകുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2014-15-ൽ ആർക്കും തന്നെ ധനസഹായ വിതരണം നടത്തിയിട്ടില്ലായെന്നു കാണുന്നു.

## 22. ടൂൾകിറ്റ് വിതരണം

2012-13 വർഷം ഒരാൾക്ക് 5000/- രൂപ ധനസഹായമായി നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

## 23. വൃത്തിഹീന തൊഴിൽ ധനസഹായം

2012-13 വർഷം 397540/- രൂപ വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ് വകയിൽ ചിലവഴിച്ചു. 2013-14, 2014-15 എന്നീ വർഷങ്ങളിൽ ജില്ലാ ആഫീസിൽ നിന്ന് DBT മുഖേന അയയ്ക്കുന്നതിനാൽ ചിലവ് വിവരങ്ങൾ ലഭ്യമല്ല

## 24. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക ധനസഹായം

2013-14-ൽ ഭവന നിർമ്മാണത്തിന് നാല് പേർക്കും, ഭൂരഹിത ധനസഹായമായി 250000/- രൂപ വീതം 5പേർക്കും ആനുകൂല്യമായി നൽകി. 222500/- രൂപ വീതം 3 പേർക്ക് നൽകിയ ഭവന നിർമ്മാണ ധനസഹായം കൊണ്ട് വീടുപണി പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാഗഡുവായി 30000/- രൂപ കൈപ്പറ്റിയ ആൾ വീടുപണി പൂർത്തിയാക്കുവാനും ബാക്കി ഗഡുക്കൾ നൽകാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2014-15-ൽ 2,50,000/- രൂപ വീതം 4 പേർക്കും ഒരാൾക്ക് 375000/- രൂപയും പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യമായി നൽകിയിട്ടുണ്ട്. വിനിയോഗ രേഖകൾ അയച്ചു കൊടുക്കേണ്ടതാണ്.

## 25. പൊതു അഭിപ്രായം

സ്ഥാപനം ഷിഫ്റ്റ് ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

9/6/16

സീനിയർ ഫിനാൻസ് ഓഫീസർ